**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6126 — 02.04.2018-ലെ മറുപടിയ്ക്ക്

## കായിക വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്<br>,, എം. വിൻസെന്റ്<br>,, അനൂപ് ജേക്കബ്<br>,, വി.എസ്.ശിവകുമാർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; | (എ) | കായിക മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br>**1) പ്ലേ ഫോർ ഹെൽത്ത്.**<br>1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത് പദ്ധതി. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.<br><br>**2) ഫുട്ബോൾ പരിശീലന പദ്ധതി**<br>നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>**3) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**<br>2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ |

| | | | |
|---|---|---|---|
| | | | മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത് ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ് ലിങ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി "ഈ കായിക ഇനങ്ങളിലായി ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>കൂടാതെ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം, എന്നീ പദ്ധതികളും കായിക മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വരുന്നു.<br>2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. 3 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു. ബാക്കിയുള്ളവയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക |

| | | | |
|---|---|---|---|
| | | | നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. 2016-17 ബജറ്റ് പ്രഖ്യാപനത്തിന്റെ മറുപടി പ്രസംഗത്തിൽ 6 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 29 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 20 പ്രോജക്ടുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 11 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗര സഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കായിക വകുപ്പിന് കൈമാറി കിട്ടിയ |

| | | | |
|---|---|---|---|
| | | | ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | കിഫ്ബി വഴി നടപ്പിലാക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെയും മിനി സ്റ്റേഡിയങ്ങളുടെയും നിർമ്മാണത്തിന്റെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ; | (ബി) | കിഫ്ബി വഴി നടപ്പിലാക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ ഒന്നിന്റെയും ടെൻഡർ നടപടി പൂർത്തിയായിട്ടില്ല. 7 മിനി സ്റ്റേഡിയങ്ങളുടെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായ സ്റ്റേഡിയങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട<br>2) ചാത്തന്നൂർ എച്ച്.എസ്.എസ് തിരുമിറ്റക്കോട്, പാലക്കാട്.<br>3) എടപ്പാൾ ഗവ.എച്ച്.എസ്.എസ്, മലപ്പുറം<br>4) വയനാട് ജില്ലാ സ്റ്റേഡിയം (മിനി സ്റ്റേഡിയം)<br>5) നിലമ്പൂർ സ്റ്റേഡിയം<br>6) ഇ.എം.എസ് സ്റ്റേഡിയം നീലേശ്വരം, കാസർഗോഡ്<br>7) വി.ആർ.കൃഷ്ണയ്യർ സ്റ്റേഡിയം, തലശ്ശേരി |
| (സി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത സ്ഥാപനത്തിന് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വൈദഗ്ദ്ധ്യമുണ്ടോ എന്നറിയിക്കാമോ? | (സി) | കിഫ്ബിയുടെ നിയന്ത്രണത്തിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട ജോലികൾ ഏറ്റെടുക്കാൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ വികസന മേഖലയിൽ മികവ് തെളിയിച്ചിട്ടുള്ള കേരള ഇൻഡസ്ട്രീയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ് (കിറ്റ്കോ)യെ ആണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി തെരഞ്ഞെടുത്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**